## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2174 18.06.2013 ലെ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന അനുവദിച്ച തുകയുടെ തിരിച്ചടവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും എത്ര കോടി രൂപ രോഗികൾക്ക് നൽകിയിട്ടുണ്ട്; അനുവദിക്കപ്പെടുന്ന തുക രോഗികൾക്ക് ചികിത്സയ്ക്ക് പൂർണ്ണമായും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ ; | (എ) | 110.62 കോടി രൂപ വിവിധ ആശുപത്രികളിലേക്ക് രോഗികളുടെ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. രോഗിക്ക് ചികിത്സാ സഹായം പൂർണ്ണമായി ലഭ്യമായി എന്ന് ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിനോടൊപ്പം ചികിത്സാ തുക ഉപയോഗിച്ചതു സംബന്ധിച്ച് രോഗിയുടെ സാക്ഷ്യപത്രവും വാങ്ങുന്നുണ്ട്. |
| (ബി) | കെ.ബി.എഫ് സഹായം ലഭ്യമായ രോഗികൾ ചികിത്സയ്ക്കിടെ മരണപ്പെട്ടാൽ തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുവാനുള്ള സംവിധാനമുണ്ടോ ; തുക തിരിച്ചടയ്ക്കാതെ സാമ്പത്തിക ക്രമക്കേട് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തിരിച്ചടയ്ക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) | സംവിധാനമുണ്ട്. സർക്കാർ ആശുപത്രികളിൽ രോഗികളുടെ ചികിത്സ കഴിഞ്ഞ ശേഷം മിച്ചമുള്ള തുക കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് ചെക്ക് / ഡി.ഡി. പ്രകാരം മടക്കി നല്കുന്നുണ്ട്. എല്ലാ കേസ്സുകളിലും ആശുപത്രിയിലേക്ക് നല്കിയിട്ടുള്ള തുകയുടെ കണക്കുകൾ സെറ്റിൽ ചെയ്യുന്നതിന് ആശുപത്രിയിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും രോഗിയുടെ സാക്ഷ്യപത്രവും നിർബന്ധമായും സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. രോഗി മരണപ്പെട്ടു പോയിട്ടുള്ള കേസ്സുകളിൽ രോഗി അപേക്ഷ സമർപ്പിച്ച തീയതി മുതൽ മരണപ്പെട്ട തീയതി വരെ ചികിത്സാ ഇനത്തിൽ ചിലവാക്കിയ തുക ആശുപത്രി എടുത്തശേഷം ബാക്കി |

തുകയാണ് മടക്കി നല്കുന്നത്. ഇതിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും രോഗിയുടെ അടുത്ത ബന്ധുവിന്റെ വക സാക്ഷ്യപത്രവും ആവശ്യമാണ്. ഇക്കാര്യത്തിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തിരിച്ചടയ്ക്കപ്പെട്ട തുകയുടെ വിശദാംശം അനുബന്ധം - I ആയി ചേർത്തിട്ടുണ്ട്.

(സി) മെഡിക്കൽകോളേജുകളിൽ നിന്നും തിരിച്ചടയ്ക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ (രോഗിയുടെ പേര് ഉൾപ്പെടെ) ലഭ്യമാക്കുമോ ?

(സി) ലിസ്റ്റ് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്